# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3420 — 25.06.2012 -ൽ മറുപടിയ്ക്ക്

## വ്യാജ മുദ്രപത്ര നിർമ്മാണം ആവർത്തിക്കാതിരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എസ് ശർമ്മ<br>" കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)<br>" വി. ചെന്താമരാക്ഷൻ<br>" സി. കൃഷ്ണൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഉണ്ടായ വ്യാജ മുദ്രപത്ര നിർമ്മാണം സംബന്ധിച്ച കേസിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കമോ ; | (എ) വ്യാജമുദ്രപത്രവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട സംഭവങ്ങളിൽ വഞ്ചിയൂർ, നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനുകളിലായി 3 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ സമഗ്രവും ശാസ്ത്രീയവുമായ അന്വേഷണം നടന്നു വരുന്നു. ടി കേസിന്റേ വ്യാപ്തി കണക്കിലെടുത്ത് വിശദവും സമഗ്രവുമായ കേസന്വേഷണം നടത്തുന്നതിന് വ്യാജ മുദ്ര പത്രവുമായി ബന്ധപ്പെട്ട കേസുകൾ ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതും അതനുസരിച്ച് നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് എത്രപേർ അറസ്റ്റിലായിട്ടുണ്ട്; | (ബി) തിരുവനന്തപുരം ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 3 കേസുകളിലും പ്രതിയായ വിജയകുമാർ എന്നയാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) അന്വേഷണം മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ടോ ? | (സി) ഇല്ല |

സെക്ഷൻ ഓഫീസർ